# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 47 02/12/2014-ൽ മറുപടിക്ക്

### ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ :<br>ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ. കെ.എം. ഷാജി :<br>ശ്രീ. എൻ. ഷംസുദ്ദീൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഗോത്രമേഖലകളിലെ ആദിവാസി വിഭാഗങ്ങളിലെ അംഗങ്ങളുടെ ക്ഷേമം, ആരോഗ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഗോത്ര മേഖലകളിലെ പട്ടികവർഗ വിഭാഗങ്ങളിലെ അംഗങ്ങളുടെ ക്ഷേമം, ആരോഗ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ മുൻനിർത്തി പട്ടികവർഗ വികസന വകുപ്പ് നിരവധി പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. പട്ടികവർഗ വിഭാഗങ്ങളിൽ രോഗ ബാധിതരായവരുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അരിവാൾ രോഗത്തിനുള്ള ധനസഹായം, പട്ടികവർഗ ദുരിതാശ്വാസനിധി തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു.<br>ഭക്ഷ്യ സഹായ പദ്ധതി, അടിയ പണിയ കൈത്താങ്ങ്, കോർപ്പസ് ഫണ്ട് പദ്ധതികൾ, ഹാംലെറ്റ് വികസനം, ഭവന നിർമ്മാണം, ഭവന റിപ്പയർ, TRDM, വിവാഹധനസഹായം പ്രത്യേക കേന്ദ്ര സഹായ പദ്ധതി ആർട്ടിക്കിൾ 275 പ്രകാരമുള്ള പദ്ധതികൾ, മിശ്ര വിവാഹിതർക്ക് ധനസഹായം, അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് ധനസഹായം തുടങ്ങിയവയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ.<br>അട്ടപ്പാടി മേഖലയിൽ, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മേൽ പരാമർശിത പദ്ധതികൾക്കു പുറമേ ആരോഗ്യ വകുപ്പു മുഖേനയും, സാമൂഹ്യ നീതി വകുപ്പ് മുഖേനയും ചുവടെ ചേർക്കുന്ന പദ്ധതികൾ കൂടി നടപ്പാക്കി വരുന്നു.<br>i) പോഷകാഹാരകുറവുള്ള കുഞ്ഞുങ്ങൾക്കായി 3 ന്യുട്രീഷണൽ റീഹാബിലിറ്റേഷൻ സെന്ററുകൾ.<br>ii) 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ.<br>iii) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി |

| | | | |
|---|---|---|---|
| | | | ഹോസ്പിറ്റൽ<br>iv) സാമൂഹ്യ അടുക്കള പദ്ധതി<br>v) സബല പദ്ധതി<br>vi) ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 3 വയസിൽ താഴെ പ്രായമുള്ള തൂക്ക കുറവുള്ള കുട്ടികൾ എന്നിവർക്കായുള്ള പ്രത്യേക പോഷകാഹാര പദ്ധതി. |
| (ബി) | വിവിധ വകുപ്പുകൾ ആദിവാസികൾക്കുവേണ്ടി നടപ്പാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ നിരീക്ഷണത്തിനും, ഏകോപനത്തിനും എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ വകുപ്പുകൾ പട്ടികവർഗക്കാർക്ക് വേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗിനായി പ്രധാനമായും ചുവടെ ചേർക്കുന്ന കമ്മിറ്റികൾ നിലകൊള്ളുന്നു.<br>1 സംസ്ഥാനതല പട്ടികവർഗ ഉപദേശക സമിതി<br>2 ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി<br>3 ജില്ലാതല വർക്കിംഗ് ഗ്രൂപ്പ്<br>4 ജില്ലാ ആസൂത്രണ സമിതി<br>5 ജില്ലാ വികസന സമിതി<br>6 പട്ടികവർഗ ഹോസ്റ്റൽ ഉപദേശക സമിതി<br>7 എം.എൽ.എമാർ അദ്ധ്യക്ഷരായ കോർപ്പസ് ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതി അവലോകന കമ്മിറ്റി.<br><br>മേൽ പറഞ്ഞ കമ്മിറ്റികൾക്ക് പുറമേ അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ നിരീക്ഷണത്തിനായി സ്പെഷ്യൽ ഓഫീസറെയും നോഡൽ ആഫീസറെയും നിയമിച്ച് കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരുകയും ചെയ്തു വരുന്നു.<br>19.11.2014 ൽ സ.ഉ (സാധാ) നം. 3030/2014/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.എ.എസ്സ് കേഡറിലുള്ള ഒറ്റപ്പാലം സബ്കളക്ടർ ശ്രീ. ആഫ്. പി.ബി യെ നോഡൽ ഓഫീസറാ യും സൈലന്റ്‌വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് വാർഡൻ കുമാരി. ശിൽപ്പയെ അട്ടപ്പാടി ബ്ലോക്കിലെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. |
| (സി) | ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നവജാത ശിശുക്കളുടെ എത്ര | (സി) | ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹരക്കുറവ് പരിഹരിക്കുന്നതിനായി ജനനി-ജന്മരക്ഷ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗർഭസ്ഥ ശിശുവിന് മൂന്ന് മാസം മുതൽ കുട്ടിക്ക് 1 വയസ് തികയുന്നതു വരെ |

| | | | |
|---|---|---|---|
| | മരണങ്ങളാണ് ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ? | | (18 മാസം) പ്രതിമാസം 1000 രൂപാ നിരക്കിൽ ധനസഹായം നൽകി വരുന്നു. ആയത് മണി യോർഡർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. <br> സാമൂഹ്യ നീതി വകുപ്പു പ്രത്യേകം പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. സബല കിറ്റുകളുടെ വിതരണവും സാമൂഹ്യ അടുക്കളയും അട്ടപ്പാടി മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. <br> ആരോഗ്യ വകുപ്പിന് കീഴിൽ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. അമൃതം, ന്യൂട്രിമിക്സിന്റെ വിതരണം എന്നിവയും നൽകി വരുന്നു. <br> ഈ വർഷം 20 നവജാതശിശു മരണങ്ങൾ ഇതു വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ